**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6765** **11-11-2021 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റ ഉൽപാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Smt J Chinchurani (മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലിത്തീറ്റ ഉൽപാദിപ്പിക്കുന്ന സ്ഥാപനങ്ങൾ എവിടെയെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | നിലവിൽ മൃഗസംരക്ഷണ വകുപ്പിൻ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡിന്, തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകര, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി, കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ, ഇടുക്കി ജില്ലയിലെ അരീക്കുഴ, എന്നീ സ്ഥലങ്ങളിൽ കാലിത്തീറ്റ ഉൽപാദിപ്പിക്കുന്ന ഫാക്ടറികൾ ഉണ്ട്. മിൽമയുടെ കീഴിൽ പാലക്കാട് ജില്ലയിലെ മലമ്പുഴയിലും ആലപ്പുഴ ജില്ലയിലെ പട്ടണക്കാട്ടും 300 മെട്രിക് ടൺ പ്രതിദിന ഉല്പാദനശേഷിയുള്ള കാലിത്തീറ്റ ഫാക്ടറികൾ ഉണ്ട് |
| (ബി) | കാലിത്തീറ്റ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ ഒരു ഫാക്ടറിയെങ്കിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ഗുണമേന്മയുള്ള കാലിത്തീറ്റയുടെ വിതരണം ഉറപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | വിപണിയിൽ ലഭ്യമാകുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് വകുപ്പിന് കീഴിലുള്ള ചെങ്ങന്നൂർ ഹാച്ചറിയോട് ചേർന്ന് പ്രവർത്തിക്കുന്ന ഫീഡ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ സൗകര്യം ഉണ്ട്. ഇതുകൂടാതെ പാലോടുള്ള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസിൽ തീറ്റകളിലെ പൂപ്പലിന്റെ അളവ്, യൂറിയ അളവ് എന്നിവ കണ്ടുപിടിക്കുന്നതിനുള്ള സൗകര്യമുണ്ട്. തിരുവല്ല ഏവിയൻ ഡിസീസ് ഡയഗ്ണോസ്റ്റിക് ബോറട്ടറി , പാലക്കാട് റീജിയണൽ ലബോറട്ടറി എന്നിവി- ടങ്ങളിൽ തീറ്റയിലെ അഫ്ലാടോക്സിൻ അളവ് പരിശോധിക്കുന്നതിനുള്ള സംവിധാനമുണ്ട്. എറണാകുളം മരടിൽ സ്ഥിതി ചെയ്യുന്ന സ്റ്റേറ്റ് ലബോറട്ടറി ഫോർ ലൈവ് സ്റ്റോക്ക്, മറൈൻ ആൻഡ് അഗ്രി പ്രോഡക്ട്സ് എന്ന സ്ഥാപനത്തിൽ മൃഗങ്ങൾക്കു നൽകുന്ന തീറ്റയിലെ ഈർപ്പത്തിന്റെ അളവ് ടോട്ടൽ ആഷ്, ആസിഡ് ഇൻസോല്യൂബിൾ ആഷ് എന്നിവ പരിശോധിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | സൗകര്യമുള്ളതും ആയതിനു NABL അക്രിഡിറ്റേഷൻ ലഭിച്ചിട്ടുള്ളതുമാണ്. കന്നുകുട്ടി പരിപാലന പദ്ധതിയിൽ വിതരണം നടത്തുന്ന കാലിത്തീറ്റയും സർക്കാർ ഫാമുകളിൽ ഉരുക്കൾക്കു നൽകുന്ന തീറ്റയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മേൽ സൂചിപ്പിച്ച ലാബുകളിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തണമെന്ന് നിർദ്ദേശം നിലവിലുണ്ട്. കൂടാതെ കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തി, പൂക്കോട് എന്നിവിടങ്ങളിലെ ലബോറട്ടറികളിലും പരിശോധനാ  സൗകര്യം ഉണ്ട്.   കേരള സംസ്ഥാനത്ത്  തീറ്റയുടെ സുരക്ഷിതത്വം , ഗുണനിലവാരം എന്നിവ ഉറപ്പാക്കുന്നതിനും, കാലിത്തീറ്റ കോഴിത്തീറ്റ, മിനറൽ മിക്സ്ചർ എന്നിവയുടെ നിർമ്മാണം, ശേഖരണം, വിതരണം, വിൽപന, ഇറക്കുമതി എന്നിവ നിയന്ത്രിക്കുന്നതിനും ORDINANCE No. 35 OF 2021 -THE KERALA LIVESTOCK AND POULTRY FEED AND MINERAL MIXTURE (REGULATION OF MANUFACTURE AND SALE) ORDINANCE, 2021, സർക്കാർ 17-02-2021-ൽ പുറപ്പെടുവിച്ചിരുന്നു. കാലിത്തീറ്റ ഉല്പാദനത്തിനുവേണ്ടി വാങ്ങുന്ന അസംസ്കൃത വസ്തുക്കളെല്ലാം തന്നെ കർശനമായ ഗുണനിലവാര പരിശോധന നടത്തിയശേഷമാണ് സ്വീകരിക്കുന്നത് ഇതിനായി കേരള ഫീഡ്സിന്റെ എല്ലാ കാലിത്തീറ്റ യൂണിറ്റിലും ഗുണനിലവാര പരിശോധന ലാബുകൾ നിലവിലുണ്ട്. ഈ രീതിയിൽ ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള ആധുനിക സജ്ജീകരണങ്ങൾ മിൽമയുടെ രണ്ട് ഫാക്ടറികളിലും ഒരുക്കിയിട്ടുണ്ട്. നൂതന രീതിയിലുള്ള പരിശോധനകൾ ചെയ്യുന്നതിന് ആവശ്യമായ പരിശീലനം ലഭിച്ചിട്ടുള്ള ഉദ്യോഗ സ്ഥരാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. കർശനമായ ഗുണനിലവാര പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതു വഴിയും ഉൽപാദന പ്രക്രിയ തുടർച്ചയായി നിരീക്ഷിക്കുന്നതുവഴിയും കാലിത്തീറ്റ ഫാക്ടറികൾക്ക് നല്ല ഗുണനിലവാരം പാലിക്കുന്നതിന് സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ